ശ്രീ. ആർ. എസ്. ഉണ്ണി : നിയമപ്രകാരം 1981-ലെ സെൻസസ് ഫിഗേഴ്സ് കിട്ടിക്കഴിഞ്ഞ ശേഷം അതിന്റെ delimitation-ഉം, ഒബ്ജക്ഷൻ ഫയൽ ചെയ്യുന്നതിനും അതിനെപ്പറ്റി ഗവൺമെന്റ് തീരുമാനം എടുക്കുന്നതിനും എത്ര മാസം വേണം? ഇപ്പോഴും വർഷങ്ങളും ഇത്രയായിട്ടും 'നിയമപ്രകാരം' എന്നു പറയുന്നതിന്റെ അർത്ഥമെന്താണ്?

ശ്രീ. സി. എം. സുന്ദരം : അതിന് നോട്ടീസ് വേണം.

ശ്രീ. ഇ. കെ. നായനാർ : 1985 ജൂലൈ മാസം നമ്മുടെ പ്രധാനമന്ത്രി ശ്രീ. രാജീവ് ഗാന്ധി പഞ്ചായത്ത് തെരഞ്ഞെടുപ്പ് ഉടനെ നടത്തിക്കൊള്ളണമെന്നു പറഞ്ഞ് ഒരു കത്തയച്ചിട്ടുണ്ട്. ആ കത്ത് ഇവിടെ കിട്ടിയിട്ടുണ്ടോ? ആ കത്ത് കൃത്യമായിട്ട് ഇവിടെ കിട്ടിയെന്നു ഞങ്ങൾക്കറിയാം. അതിന് മറുപടി അയച്ചോ?

ശ്രീ. സി. എം. സുന്ദരം : ആ കത്ത് എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ : പഞ്ചായത്ത് തെരഞ്ഞെടുപ്പിനെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ നാലു കൊല്ലമായിട്ട് എല്ലാ നിയമസഭകളിലും എന്നു് അത് നടത്താൻ സാധിക്കുമെന്ന് ആവർത്തിച്ചാവർത്തിച്ച് ചോദിച്ചപ്പോഴും നടപടികളും നടന്നുവരുന്നുവെന്നാണ് മന്ത്രി എല്ലാ നിയമസഭയിലും മറുപടി പറഞ്ഞത്. നാലു കൊല്ലമായിട്ടും ഇതിന്റെ നടപടികളും പൂർത്തിയാക്കാൻ കഴിഞ്ഞില്ലെങ്കിൽ ഇനി എത്ര കൊല്ലത്തിനുള്ളിൽ ആ നടപടി പൂർത്തിയാക്കാൻ കഴിയുമെന്നെങ്കിലും പറയാമോ?

ശ്രീ. സി. എം. സുന്ദരം : കഴിഞ്ഞ നാലു കൊല്ലമായിട്ട് നടന്നു വരുന്ന നടപടി ക്രമത്തെപ്പറ്റിയാണ് ബഹുമാനപ്പെട്ട മെമ്പറുടെ ചോദ്യം. ആയിരത്തിയൊന്നു പഞ്ചായത്തുകളിൽ 1981-ലെ സെൻസസ് പ്രകാരം, ഓരോ പഞ്ചായത്തിലും പോപ്പുലേഷൻ അടിസ്ഥാനത്തിൽ വാർഡ് സ്ട്രെങ്ത്ത് നിശ്ചയിക്കുകയും, ഓരോ വീടിനും വീട്ടുനമ്പരിടുകയും പതിനെട്ടു വയസ്സുള്ള ആളുകളുടെ പേർ വോട്ടേഴ്സ് ലിസ്റ്റിൽ ചേർക്കുകയും ചെയ്തു. എന്നിട്ട് അതിൻമേലുള്ള ആക്ഷേപങ്ങളും വാങ്ങി പരിശോധിക്കുകയും ചെയ്തു. നടപടിക്രമങ്ങളും നീണ്ടു പോയി എന്നു പറഞ്ഞതുകൊണ്ട് വളരെ കണിശമായ പ്രവർത്തനങ്ങളും നടത്തിക്കൊണ്ടു വരുന്നു എന്നുള്ളതാണ് അതിനെ സംബന്ധിച്ച് പറയുവാനുള്ളത്.

## (ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

### വാഹനങ്ങൾ പരിശോധിക്കുമ്പോൾ പോലീസ് കൈവശം എടുക്കുന്ന രേഖകൾ

* 103 [105] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസുകാർ വാഹനങ്ങൾ ചെക്ക് ചെയ്യുമ്പോൾ ആർ. സി. ബുക്കും ഡ്രൈവിംഗ് ലൈസൻസും മാറും കൈവശം വാങ്ങി വയ്ക്കുന്നതിന് രസീത് നൽകാനുള്ള നടപടി സ്വീകരിക്കാമോ ;

(ബി) കോടതിയിൽ ചാർജ് ചെയ്ത കേസുകളിൽ കുറ്റം സമ്മതിച്ച് പിഴയടച്ച് രസീത് വാങ്ങി സ്റ്റേഷനിൽ വന്നാലും ആർ. സി. ബുക്കും ലൈസൻസും സമയത്ത് കൊടുക്കാതിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) അതൊഴിവാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ) പോലീസുകാർ വാഹനം ചെക്ക് ചെയ്യുമ്പോൾ ആർ. സി. ബുക്കും ഡ്രൈവിംഗ് ലൈസൻസും സാധാരണ വാങ്ങി വയ്ക്കാറില്ല, എന്നാൽ സൗകര്യപ്രദമായ ചില കേസുകളിൽ അവ വാങ്ങിക്കുമ്പോൾ രസീത് കൊടുക്കാറുണ്ട്.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

ഫയർ സ്റ്റേഷനുകൾ

* 104. [106] ശ്രീ. കാനം രാജേന്ദ്രൻ :
,, എം. കെ. കേശവൻ :
,, കെ. ടി. കുമാരൻ :
,, കെ. ആർ. ചന്ദ്രമോഹനൻ :

ഡോക്ടർ എ. സുബ്ബറാവു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം പുതിയ ഫയർ സ്റ്റേഷനുകൾ അനുവദിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്രയെണ്ണം ; അവ എവിടെയെല്ലാം ;

(സി) ഫയർ സ്റ്റേഷനുകൾ അനുവദിക്കുവാൻ പാലിക്കപ്പെടേണ്ട വ്യവസ്ഥകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ) ഉണ്ട്.

(ബി) രണ്ടെണ്ണം ഗുരുവായൂരും, പയ്യന്നൂരും.

(സി) ഒരു സ്ഥലത്ത് ഫയർ സ്റ്റേഷന്റെ ആവശ്യകത നിശ്ചയിക്കുമ്പോൾ അവിടുത്തെ ജനസാന്ദ്രത, വ്യവസായ വാണിജ്യ സ്ഥാപനങ്ങളുടെ എണ്ണവും സ്വഭാവവും, സമീപകാലത്ത് അവിടെയുണ്ടായ തീപിടിത്തങ്ങളുടെ എണ്ണം എന്നിവ കണക്കിലെടുക്കാറുണ്ട്. മേല്പറഞ്ഞ കാര്യങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന സ്ഥലങ്ങളുടെ മുൻഗണനാ പട്ടികയിൽ നിന്നാണ് ഫയർ സ്റ്റേഷൻ ആരംഭിക്കാനുള്ള ഭരണാനുമതി ഓരോ വർഷവും നൽകുന്നത്.

മൽസ്യത്തൊഴിലാളികൾക്ക് പെൻഷൻ

* 105. [107] ശ്രീ. പി. വി. മുഹമ്മദ് :
,, പി. എം. അബൂബക്കർ :
,, പി. കെ. കുഞ്ഞാലിക്കുട്ടി :
,, എൻ. ശക്തൻ നാടാർ :
,, വി. ജെ. തങ്കപ്പൻ :. താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൽസ്യത്തൊഴിലാളികൾക്കായി ഗവൺമെന്റ് എന്തെങ്കിലും പെൻഷൻ സ്കീം ആസൂത്രണം ചെയ്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അത് എന്നുമുതൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത് ;



LIBRARY ARCHIVES Kerala Legislative Assembly